# വീണ്ടെടുക്കുന്ന ദൈവം

## യിരെമ്യാവ് 31:11

"യഹോവ യാക്കോബിനെ വീണ്ടെടുത്തു അവനേക്കാൾ ബലവാനായവന്റെ കയ്യിൽനിന്നു അവനെ രക്ഷിച്ചിരിക്കുന്നു."

മനുഷ്യർ ഭൂമിയിൽ പെരുകിയ കാലം മുതൽ, ഒരു വ്യക്തിയോ സമൂഹമോ ഒക്കെ തങ്ങൾ പ്രബലരാകുന്നത് അനുസരിച്ച്, തങ്ങളേക്കാൾ ബലഹീനരായവരെ അടിമപ്പെടുത്തുകയും, അവരെക്കൊണ്ട് തങ്ങളുടെ അഭിവൃദ്ധിക്കായി അദ്ധ്വാനിപ്പിക്കുകയും ചെയ്യുമായിരുന്നു. ഇന്നും അത് പല നിലകളിൽ തുടർന്നു കൊണ്ടേയിരിക്കുന്നു. ഒരിക്കൽ അടിമകളായി കഴിഞ്ഞാൽ അതിൽ നിന്ന് വിമോചനം ലഭിക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. തങ്ങളെ അടിമപ്പെടുത്തിയവരേക്കാൾ ബലമുള്ളവരായി തീരാതെ അത് സാദ്ധ്യമേ അല്ല. എന്നാൽ വ്യത്യസ്ഥമായ ഒരു വിടുതൽ നമുക്കിവിടെ കാണാം. തങ്ങൾ ബലഹീനരായിരുന്നിട്ടും, ബലവാന്മാരുടെ കൈയിൽ നിന്ന് യിസ്രായേൽ വിടുവിക്കപ്പെട്ടതാണ് അത്. അതിനു പിന്നിൽ പ്രവർത്തിച്ചത് സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളാണ്.

ഇന്നും ദൈവം തന്റെ ജനത്തിനായി ഈ പ്രവൃത്തി ചെയ്യാൻ ശക്തിയുള്ളവനാണ്. നമ്മുടെ വിഷയങ്ങളിൽ ദൈവം നമുക്കായി ഇടപെടുമെന്നു വിശ്വസിക്കുകയും, അതിനായി ദൈവത്തിന് സ്ഥാനം കൊടുക്കുകയും വേണം. യിസ്രായേൽ ദൈവത്തിന്റെ സംരക്ഷണം ത്യജിക്കുകയും, പാപം ചെയ്യുകയും ചെയ്തപ്പോഴാണ് അവർ മറ്റുള്ളവരുടെ കീഴിൽ അടിമകളാകേണ്ടി വന്നത്. എന്നാൽ അവർ ദൈവത്തിലേക്ക് തിരിയുകയും, പാപവഴികളെ ഉപേക്ഷിക്കുകയും ചെയ്തപ്പോൾ ദൈവം അവർക്കായി ഇറങ്ങി വന്നു.

ദൈവത്തിന് പ്രവൃത്തിക്കാൻ തടസ്സമായിരിക്കുന്ന അകൃത്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടോ? എങ്കിൽ അത് ദൈവത്തോട് ഏറ്റു പറയാമോ? നമുക്ക് ഒരു ആത്മീയ മടങ്ങി വരവുണ്ടെങ്കിൽ നമ്മുടെ ഭൗതീക വിഷയങ്ങളിൽ ദൈവം ഒരു മടങ്ങിവരവ് തരും. ദൈവത്തിന്റെ ബലമുള്ള ഭുജം ബലഹീനരായ നമുക്കായ് പ്രവർത്തിക്കും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

യിരെമ്യാവ് 31:2

വാളിന്നു തെറ്റി ശേഷിച്ച ജനം മരുഭൂമിയിൽ കൃപ കണ്ടെത്തി; ഞാൻ യിസ്രായേലിന്നു വിശ്രാമം വരുത്തുവാൻ പോകുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 141